ശ്രീ. കെ. ആർ. വിജയൻ: ബിൽ കളക്ടറെ നിയമിക്കുന്നതിന് പഞ്ചായത്തുകളിൽ ഇത്ര രൂപ നികുതി കുടിശ്ശിക ഉണ്ടായിരിക്കണമെന്ന വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിലാണോ ഈ ബിൽ കളക്ടർമാരെ നിയമിക്കുന്നതെന്നുള്ള കാര്യം ഒന്നു വ്യക്തമാക്കിയാൽ കൊള്ളാം.

ശ്രീ. കെ. എ. ദാമോദരമേനോൻ: അയ്യായിരം മുതൽ പതിനായിരം രൂപവരെ നികുതി കുടിശ്ശികയുള്ള പഞ്ചായത്തുകൾക്ക് നികുതി കുടിശ്ശിക പിരിക്കുന്നതിനുവേണ്ടി മൂന്നു മാസത്തേക്കും പതിനായിരത്തിനു മുകളിൽ കുടിശ്ശികയുള്ള പഞ്ചായത്തുകൾക്ക് ആറു മാസത്തേക്കും ബിൽ കളക്ടർമാരെ നിയമിക്കുക എന്നുള്ളതാണ് അംഗീകരിച്ചിരിക്കുന്ന പരിപാടി.

എണ്ണ ഖനനം

* 620 [9] ശ്രീ. കെ. ആർ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എണ്ണ ഖനനം നടത്തുന്നതിന് ജിയോളജിക്കൽ സർവ്വേ ആരംഭിച്ചിട്ടുണ്ടോ;

(ബി) ടി സർവ്വേ നടത്തുന്നതിന് എന്തെല്ലാം ഏർപ്പാടുകൾ ഇതുവരെ ചെയ്തു?

വ്യവസായ വകുപ്പുമന്ത്രി (കെ. എ. ദാമോദരമേനോൻ):

(എ) കേന്ദ്ര ഗവണ്മെന്റിന്റെ കീഴിലുള്ള ആയിൽ ആൻഡ് നാചുറൽ ഗ്യാസ് കമ്മീഷൻ പ്രാരംഭ ഗവേഷണം നടത്തി തുടങ്ങിയിട്ടുണ്ട്.

(ബി) സംസ്ഥാന ഗവണ്മെന്റിന്റെ ആവശ്യപ്രകാരം ഓയിൽ ആൻഡ് നാചുറൽ ഗ്യാസ് കമ്മീഷൻ എണ്ണ ഖനന സാദ്ധ്യതയെപ്പറ്റിയുള്ള ഗവേഷണങ്ങൾക്കായിട്ട് ഒരു ഫീൽഡ് പാർട്ടിയെ കേരളത്തിലേക്ക് അയച്ചിട്ടുണ്ട്. പ്രസ്തുത ഫീൽഡ് പാർട്ടിക്ക് ആവശ്യമുള്ള ഉപകരണങ്ങൾ കൊടുത്തു സഹായിക്കുന്നതിന് കേരള സർവ്വകലാശാല അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഫീൽഡ് പാർട്ടിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ ചെയ്തു കൊടുക്കുന്നതിന് പ്രാദേശിക ഉദ്യോഗസ്ഥന്മാർക്ക് വേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

ശ്രീ. കെ. ആർ. വിജയൻ: ഇപ്പോഴത്തെ ആരംഭിച്ചിട്ടുള്ള സർവേയുടെ ഫലമായിട്ട് എന്തെങ്കിലും പ്രോത്സാഹജനകമായിട്ടുള്ള റിസൽട്ട് നൽകിയിട്ടുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: അതു ഞാൻ ഇതിനുമുമ്പ് ഇവിടെ പറഞ്ഞിട്ടുള്ളതാണ്. നമ്മുടെ തീരപ്രദേശത്ത് ഓയിൽ ഉണ്ട് എന്നതിനെ സംബന്ധിച്ച് അവർ ഒരു അഭിപ്രായം പറഞ്ഞിട്ടുണ്ട്. അതു കമേഴ്സ്യൽ എക്സ്പ്ലോർട്ടേഷനു വേണ്ടവിധത്തിൽ ഉണ്ടോ എന്നതിനെ സംബന്ധിച്ച ഗവേഷണത്തിനുശേഷം മാത്രമേ പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. മാമ്പുഴ ഗോപിനാഥപിള്ള: ഫീൽഡ് പാർട്ടി എവിടെയൊക്കെ ഗവേഷണം നടത്തിയെന്നു പറയാമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: വക്കല മുതൽ കൊച്ചിയുടെ വടക്കു വരെയുള്ള സമുദ്രത്തിന്റെ തീര പ്രദേശങ്ങളിലൊക്കെ ഓയിൽ ഉണ്ടോ എന്നതിനെപ്പറ്റി പരിശോധന നടത്താനാണ് അവർ താൽക്കാലിക പരിപാടി സ്വീകരിച്ചിട്ടുള്ളത്.

പാർട്ടി ടൈം അദ്ധ്യാപകന്മാർ

* 621 [10] ശ്രീ. എം. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പാർട്ടൈം അദ്ധ്യാപകന്മാർക്ക് ഒന്നിലധികം സ്കൂളുകളിൽ ജോലി ചെയ്യാൻ അധികാരമുണ്ടോ; ഉണ്ടെങ്കിൽ എത്ര സ്കൂളുകളിൽ;

(ബി) ഒന്നിലധികം സ്കൂളുകളിൽ ജോലിചെയ്യുന്ന പാർട്ട്ടൈം അദ്ധ്യാപകർക്ക് ഇന്നു കൊടുക്കുന്ന ശമ്പളം എത്രയാണ്;

(സി) എല്ലാ സ്കൂളുകളിൽനിന്നും കൊടുക്കുന്നുണ്ടോ;

(ഡി) ഇതു സംബന്ധമായ വല്ല കഴപ്പങ്ങളും ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഉണ്ട്. 3 സ്കൂളുകളിൽ അധികമാകാൻ പാടില്ല.

(ബി) 30–60 രൂപ സ്കെയിലിൽ ശമ്പളം നൽകുന്നുണ്ട്.

(സി) ഇല്ല.

(ഡി) ഇല്ല; ഒന്നിൽക്കൂടുതൽ സ്കൂളുകളിൽ ജോലി ചെയ്യുന്നവർക്ക് വല്ലതും അധികം കൊടുക്കണമോ എന്നതു് ഗവണ്മെൻറിന്റെ പരിഗണനയിലാണ്.

ശ്രീ. എം നാരായണക്കുറുപ്പ്: ഇവർക്ക് വളരെക്കുറഞ്ഞ ശമ്പളമാണ് കിട്ടുന്നതെന്നും സമ്മാർ ഒരു കൊല്ലം മുമ്പേ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയും പരിശോധിക്കാമെന്നു പറയുകയും ചെയ്തു. അതു പരിശോധിച്ച് നടപടി എടുക്കാൻ കാലതാമസം ഉണ്ടായതിനു കാരണമെന്താണ്?

ശ്രീ. ആർ. ശങ്കർ: പാർട്ടൈം അദ്ധ്യാപകർ ഒരാഴ്ചയിൽ 15 പീരിയഡുപോലും ജോലി ഇല്ലാത്തവരാണ്. അങ്ങനെയുള്ളവരെ പിരിച്ചു വിടുന്നതിനുപകരം അവർക്ക് കുറഞ്ഞ ശമ്പളമെങ്കിലും കൊടുത്തു് ജോലിയിൽ വയ്ക്കാനുള്ള ഒരു ശ്രമമാണ് ചെയ്യുന്നതു്. ഇതിനു നിശ്ചയിച്ച സ്കെയിൽ അനുസരിച്ചാണ് 30-60 രൂപ പ്രൈമറി സ്കൂളുകളിലും,60-100 ഹൈസ്കൂളുകളിലും ശമ്പളം കൊടുക്കുന്നതു്. ചിലപ്പോൾ ഒരു സ്കൂളിലുള്ള നമ്പർ ആഫ് പീരിയഡ് വളരെകുറവായി വരും. അപ്പോൾ രണ്ടു സ്കൂളുകളിൽ പ്രവൃത്തി എടുത്തു് ചെറിയ ശമ്പളമെങ്കിലും തൽക്കാലം വാങ്ങാൻ സൗകര്യം കൊടുക്കണമെന്നും, പിന്നീടു് വേക്കൻസി വരുമ്പോൾ ആ ഒഴിവിൽ അവരെ നിയമിക്കണമെന്നും വിചാരിച്ചാണ് ഇങ്ങനെ ചെയ്യുന്നതു്. ഇതു സംബന്ധിച്ചു് കുറച്ചു് ദുരിതം അവർക്ക് ഉണ്ടാകുന്നുണ്ടു്. അതിനു് എന്തെങ്കിലും ആശ്വാസം നൽകാൻ കഴിയുമോ എന്നതു് ഡിപ്പാർട്ടുമെൻറു് പരിശോധിച്ചു വരികയാണ്. ഇവിടെ അതിൽ എന്തു ഇംപ്ലിക്കേഷൻ വരുമെന്നു് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. നാരായണക്കുറുപ്പ്: ബഹുമാനപ്പെട്ട മന്ത്രി കുറഞ്ഞ സ്കെയിലിൽ ശമ്പളം നൽകുന്നതിനു് കുറഞ്ഞ പീരിയഡു മാത്രമേ ജോലിയുള്ളുവെന്നു പറഞ്ഞു. രണ്ടോ മൂന്നോ സ്കൂളുകളിൽ കൂടി സാധാരണ ഫുൾടൈംകാരെക്കാളും അധികം പീരിയഡ് ജോലി ചെയ്യുന്നുണ്ടെങ്കിൽ ആ സംഗതി പരിഗണിച്ച്, അവർക്ക് മറ്റുള്ളവർക്കു കൊടുക്കുന്ന പ്രതിഫലമെങ്കിലും നൽകാൻ എന്താണ് വിരോധം?

ശ്രീ. ആർ. ശങ്കർ: അവർ 25 പീരിയഡിൽ കൂടുതൽ—അതാണ് സാധാരണ ജോലി ചെയ്യേണ്ട പീരിയഡുകളുടെ എണ്ണം—ജോലിചെയ്യുന്നുണ്ടെങ്കിൽ അവർക്ക് പ്രത്യേകമായ പരിഗണന കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. സി. അച്യുതമേനോൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു് അവരുടെ സ്കെയിൽ 30 മുതൽ 60 രൂപാവരെയാണെന്നാണ്. അതിനു് സ്വാഭാവികമായി ഡിയർനസ് അലവൻസും ഉണ്ടെന്നു വിചാരിക്കുന്നു. എന്നാൽ കേവലം 30 രൂപാ മാത്രം ഫിക്സഡു ശമ്പളം കിട്ടുന്ന അദ്ധ്യാപകരുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്കുകൂടി ഡിയർനസ് അലവൻസ് കൊടുക്കാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ: ഒരു കൊല്ലത്തിലധികം ഇരിക്കാൻ ഇടയുണ്ടെങ്കിൽ അങ്ങനെയുള്ളവരുടെ കാര്യം പരിശോധിക്കാം.

ശ്രീമതി ഒ. ടി. ശാരദാകൃഷ്ണൻ: രണ്ട് സ്കൂളുകളിലായി ഫുൾടൈം ജോലിചെയ്യുന്ന ഒരു ടീച്ചർക്ക് രണ്ടുകൊല്ലമായിട്ടും ശമ്പളം കിട്ടിയിട്ടില്ലെന്നും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ അക്കാര്യത്തിൽ വേണ്ട നടപടി എടുക്കുമോ?

ശ്രീ. ആർ. ശങ്കർ: ആർക്കെങ്കിലും അർഹിക്കുന്ന വിധത്തിലുള്ള ശമ്പളം കിട്ടുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപെടുത്തിയാൽ അടിയന്തിരമായും അതേപ്പറ്റി അന്വേഷിക്കാം.

റീ എംപ്ലോയിഡ് ടീച്ചർമാർ

* 622 [11] ശ്രീമതി ഒ. ടി. ശാരദാ കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. ഒ. എം. എസ്. 332 എഡ്യുക്കേഷൻ ഡേറ്റഡ് 10.2.1962-ം ജി. ഒ. എം. എസ് 351 എഡ്യുക്കേഷൻ ഡേറ്റഡ് 29-5-1962-ം പ്രകാരം റീ എംപ്ലോയിഡ് ടീച്ചർമാരുടെ ശമ്പളം ഫിക്സ് ചെയ്യുകയും ഇൻക്രിമെന്റ് വാങ്ങാൻ അവരെ അനുവദിക്കുകയും ചെയ്തിട്ടുണ്ടോ?

(ബി) എന്നാൽ 7-11-1962-ലെ ഗവണ്മെന്റ് ലാറർ പ്രകാരം ഈ ആനുകൂല്യങ്ങളൊക്കെ സറണ്ടർ സ്കൂളുകളിലെ റീ എംപ്ലോയിഡ് ടീച്ചർമാർക്ക് മാത്രമേ ബാധകമാക്കുകയുള്ളുവെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ?

(സി) അതിന്റെ ഫലമായി 55 വയസിൽ റിട്ടയർ ചെയ്യുന്ന സമയത്തു് 65-ം,70-ം രൂപാ ശമ്പളം വാങ്ങിയിരുന്ന മലബാറിലെ റീഎംപ്ലോയിഡ് ടീച്ചർമാർക്ക് 40 രൂപ മാത്രമേ ശമ്പളം അനുവദിക്കാവൂ എന്നും ഇതുവരെ വാങ്ങിയ ഇംക്രിമെന്റെല്ലാം മടക്കി അടയ്ക്കണമെന്നും ഡി.ഈ.ഓ. മാർ കല്പന കൊടുത്തിട്ടുണ്ടോ;

(സി) എത്ര സ്കൂളുകളിലെ എത്ര റീ എംപ്ലോയിഡ് ടീച്ചർമാർക്ക് ഇതുകൊണ്ട് ക്ലേശം നേരിടുമെന്ന പറയാമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഉണ്ട്.

(ബി) 7-11-62-ലെ കല്പനപ്രകാരം 40-120 ശമ്പളം വാങ്ങുന്ന റീ എംപ്ലോയിഡ് പ്രൈമറി അദ്ധ്യാപകന്മാർക്ക് മാത്രമേ ഈ ആനുകൂല്യം ബാധകമാക്കുകയുള്ളു എന്നു് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. ഈ നിർദ്ദേശം പിന്നീടു് ഭേദഗതി ചെയ്തുകൊണ്ടുള്ള കല്പന 2-3-1964-ൽ ഗവണ്മെന്റിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 55 വരെയുള്ള സർവീസിനു് എന്തെങ്കിലും പെൻഷൻ ആനുകൂല്യം ലഭിക്കുന്ന റീ എംപ്ലോയിഡ് അദ്ധ്യാപകർക്കു മാത്രമാണു് ഇൻക്രിമെന്റു് കൊടുക്കാത്തതു്. തെറ്റായി ചില ഡി.ഈ.ഓ. മാർ അവർക്കും ഇൻക്രിമെന്റു് കൊടുത്തു. അങ്ങിനെയുള്ള തുക തിരിച്ചടുപ്പിക്കാൻ ഡി.പി.ഐ. ആർഡർ കൊടുത്തിട്ടുണ്ട്. അവരുടെ അടിസ്ഥാന ശമ്പളം 40 രൂപയാക്കി കാച്ചിട്ടില്ല. 55 വയസ്സിൽ കിട്ടിയിരുന്ന ശമ്പളം കൊടുക്കുന്നുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

ശ്രീമതി ഒ. ടി. ശാരദാകൃഷ്ണൻ: ഗവണ്മെന്റു് ഉത്തരവു് ഡി. ഈ. ഓ. തെറ്റായി വ്യാഖ്യാനിച്ചു് ചില വിദ്യാഭ്യാസ ജില്ലയിൽ ഇംക്രിമെന്റു് കൊടുക്കുകയും, കൊടുത്തതു് മടക്കിക്കൊടുക്കാൻ ഉത്തരവാകുകയും ചെയ്യുന്നതു് തടഞ്ഞു നിറുത്തൽചെയ്യാൻ ദയവായി നടപടി എടുക്കുമോ?

ശ്രീ. ആർ. ശങ്കർ: കല്പന തെറ്റായി വ്യാഖ്യാനിച്ചു് ചില ഡിസ്ട്രിക്റ്റു് ആഫീസറന്മാർ ഇൻക്രിമെന്റു് കൊടുത്തതാണു്. അങ്ങനെ കൊടുക്കാനിടയായതുകൊണ്ടു് മടക്കി വാങ്ങുകയല്ലാതെ വേറെ നിവൃത്തി ഇല്ലാത്തതുകൊണ്ടാണു് ഉത്തരവു പുറപ്പെടുവിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly